ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നബാർഡിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

2001–2002	–	95.50 കോടി
2002–2003	–	78.79 കോടി
2003–2004	–	113.97 കോടി
2004–2005	–	90.27 കോടി

കെ.എസ്.റ്റി.പി. ക്കുവേണ്ടി ലോക ബാങ്കിൽനിന്നും 1236 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 70% ലോണും 30% സബ്സിഡിയുമാണ്.

(ബി) നബാർഡിൽ നിന്നും എടുത്ത ലോണുകൾ തിരിച്ചടച്ച് തുടങ്ങിയിട്ടുണ്ട്. എന്നാൽ കെ.എസ്.റ്റി.പി. തിരിച്ചടവ് തുടങ്ങിയിട്ടില്ല.

(സി) നബാർഡിൽ നിന്നും എടുത്ത വായ്പ, വായ്പ എടുത്ത തീയതി മുതൽ രണ്ടുവർഷത്തെ ഗ്രേസ് കാലാവധി ഉൾപ്പെടെ ഏഴ് വർഷത്തിനകം അടച്ചു തീർക്കേണ്ടതുണ്ട്. നിലവിലുള്ള പഴയ വായ്പകൾക്ക് 7%വും പുതിയ വായ്പകൾക്ക് 6.5% നിരക്കിലാണ് പലിശ നൽകുന്നത്. ലോകബാങ്കിൽ നിന്നും ലഭിച്ച തുക മാനദണ്ഡങ്ങൾക്കനുസരിച്ച് 2007 ജൂൺ 15 മുതൽ 30 അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് തുക തിരിച്ചടയ്ക്കേണ്ടത്.

കേരള റോഡ് വികസന പദ്ധതി

46 [627] *ശ്രീ. ടി. കെ. ദേവകുമാർ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ:
,, *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡു വികസന പദ്ധതി (കെ.എസ്.റ്റി.പി.) നടത്തിപ്പിന്റെ പുരോഗതി വിശദമാക്കുമോ; ഈ പദ്ധതിയുടെ ഒന്നാംഘട്ടം എന്നത്തേക്ക് പൂർത്തിയാകുമെന്നും രണ്ടാംഘട്ടം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് കരാർ നൽകിയിട്ടുള്ളത്; പ്രസ്തുത കാലാവധിക്കകം പൂർത്തിയാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാലാവധി നീട്ടുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് പുരോഗതി വ്യക്തമാക്കുമോ; സ്ഥലമെടുപ്പ് താമസിക്കുന്നതുമൂലം പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റോഡുവികസന പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിൽ വീഴ്ച വന്നതിന്റെ പേരിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടു കൊണ്ട് കരാറുകാർ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) റോഡ് വികസന പദ്ധതികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയശേഷമേ കരാർ നൽകാവൂ എന്ന വ്യവസ്ഥ കെ.എസ്.ടി.പി.യിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) ആർബിട്രേഷൻ കോടതിയിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കേസുകൾ ഫയൽ ചെയ്യുമ്പോൾ നിശ്ചിത തുക കെട്ടിവയ്ക്കണമെന്ന വ്യവസ്ഥയിൽ നിന്ന് കെ.എസ്.ടി.പി.യുടെ കരാറുകാരെ ഒഴിവാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഒന്നാംഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തിയ 254.7 കി.മീ. റോഡുകളുടെ പണി പുരോഗതിയിലാണ്. 2006-ൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാംഘട്ട പണികൾ ടെണ്ടർ പൂർത്തിയായി ലോകബാങ്കിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് തുടങ്ങാൻ സാധിക്കുന്നതാണ്.

(ബി) പദ്ധതി 2007 ജൂൺ 30-ന് പൂർത്തിയാക്കണമെന്നാണ് കരാർ. കാലാവധി നീട്ടിക്കിട്ടുന്നതിന് അഭ്യർത്ഥിക്കേണ്ടതായുണ്ട്.

(സി) ഒന്നാംഘട്ട പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പ് ഉദ്ദേശം 90% പൂർത്തിയായി. സ്ഥലമെടുപ്പിന്റെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. 30.88 കോടി രൂപ.

(ഇ) ലോക ബാങ്കിന്റെ ലഭ്യതയെക്കുറിച്ച് ഉറപ്പില്ലാതിരുന്നതിനാൽ സ്ഥലമെടുപ്പ് പ്രക്രിയ തുടങ്ങാതെയാണ് ലോണിന് വേണ്ടി പരിശ്രമിക്കുകയും ലോൺ ലഭിച്ചതിനു ശേഷം സ്ഥലമെടുപ്പ് പ്രക്രിയ തുടങ്ങുകയും ചെയ്തത്. Urgency Clause വഴി സ്ഥലമെടുപ്പ് ലോകബാങ്ക് സമ്മതിക്കാത്തതുകൊണ്ട് സാധാരണ സ്ഥലമെടുപ്പു നടപടിക്രമങ്ങളുടെ നിയമപരമായ കാലതാമസം ഉണ്ടായിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു.

(എഫ്) ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly